CSB Bank
Formerly The Catholic Syrian Bank Ltd.

SEC /165 /2021

April 30, 2021

BSE Limited,
Phiroze Jeejeebhoy Towers,
Dalal Street,
Mumbai 400001.
Scrip code: 542867

National Stock Exchange of India Ltd.,
Exchange plaza, 5th floor,
Bandra-kurla Complex,
Bandra (E), Mumbai 400051.
Symbol: CSBBANK

Dear Sir/Madam,

Submission of Newspaper advertisement about the Board Meeting scheduled for May 08, 2021 - Regulation 47 of the Securities and Exchange Board of India (Listing Obligations and Disclosure Requirements) Regulations, 2015

Please find enclosed herewith the clippings of advertisement published in today's Newspaper viz. Business Standard (English) and Deepika (Malayalam) regarding notice of the Board meeting scheduled for May 08,2021, inter alia, to consider and approve the Audited Financial Results of the Bank for the quarter and financial year ended March 31, 2021.

This intimation is also made available on the website of the Bank at www.csb.co.in

Kindly take the same on records.

Thanking You.

Yours faithfully,

SIJO VARGHESE

Digitally signed by SIJO VARGHESE
DN: st=KERALA, serialNumber=da67d16a892dbce0f63c24da300ebd6a93ef99e00629fb3f519fd7bc49a7ccee, postalCode=680020, ou=SECRETARIAL DEPARTMENT, o=CSB BANK LIMITED, c=IN, cn=SIJO VARGHESE
Date: 2021.04.30 11:37:23 +05'30'

Sijo Varghese
Company Secretary

മനസിലില്ല, അകലം

എസ്എസ്എൽസി പരീക്ഷ കഴിഞ്ഞു പിരിയുന്ന ചങ്ങാതിമാർ അകലം പാലിച്ചുകൊണ്ടു വിടചൊല്ലുന്നു. തൃശൂർ സേക്രഡ് ഹാർട്ട് കോൺവെന്റ് ഗേൾസ് ഹൈസ്കൂളിൽനിന്നുള്ള ദൃശ്യം. -ഉസ്മാൻജി.

കുഴൽപ്പണം ആർഎസ്എസുകാരന്റേത്, പോലീസ് പിടിച്ചതു കൂടുതൽ തുക

സ്വന്തം ലേഖകൻ

തൃശൂർ: കൊടകര കുഴൽപ്പണം കവർച്ചക്കേസിൽ കൊള്ളയടിക്കപ്പെട്ട പണം ആർഎസ്എസുകാരനായ ധർമരാജന്റേതാണെന്നു പോലീസ്. പണം നഷ്ടപ്പെട്ടെന്നു പരാതി നൽകിയ ധർമരാജൻ ആർഎസ്എസുകാരനാണെങ്കിലും പണം ആർഎസ്എസിന്റേതാണോയെന്നു പരിശോധിച്ചുവരികയാണ്.

പരാതിയിൽ പറഞ്ഞ തുകയേക്കാൾ കൂടുതൽ തുക വിവിധ സ്ഥലങ്ങളിൽനിന്നായി പിടിച്ചെടുത്തിട്ടുണ്ട്. 25 ലക്ഷം രൂപ നഷ്ടപ്പെട്ടെന്നാണ് ധർമരാജൻ പരാതിയിൽ പറഞ്ഞിരുന്നത്. എന്നാൽ അതിലേറെ തുക കണ്ടെടുത്തിട്ടുണ്ടെന്നു തൃശൂർ റൂറൽ എസ്പി അറിയിച്ചു.

തെരഞ്ഞെടുപ്പു പ്രചാരണ പ്രവർത്തനങ്ങൾക്കായി ഇറക്കിയ മൂന്നരക്കോടി രൂപയാണ് കൊള്ളയടിച്ചതെന്നാണ് അഭ്യൂഹങ്ങൾ പരന്നിരുന്നത്. പണം തിരിച്ചുനൽകാൻ 75 ലക്ഷം രൂപ പ്രതിഫലം കൊള്ളസംഘം ആവശ്യപ്പെട്ടെന്നുമാണ് വാർത്ത പുറത്തുവന്നിരുന്നത്. ബിജെപിയിലെതന്നെ ചില നേതാക്കളാണ് കവർച്ചയ്ക്കു പിറകിലെന്ന് ആക്ഷേപം ഉയർന്നിരുന്നു. കൊള്ളയടിക്കപ്പെട്ടതിൽ പോലീസിനും പങ്കുണ്ടെന്നു പിന്നീടു കണ്ടെത്തുകയുംചെയ്തു.

പണം നഷ്ടപ്പെട്ടെന്നു പരാതി നൽകിയ ധർമരാജൻ ആർഎസ്എസ് ബന്ധമുണ്ടെന്നു പോലീസ് കണ്ടെത്തിയതോടെ പണത്തിന്റെ ഉറവിടത്തെക്കുറിച്ച് കൂടുതൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. പരാതിയിൽ പറഞ്ഞതിനേക്കാൾ തുക വീണ്ടെടുക്കുന്ന പോലീസ് കൊള്ളയടിക്കപ്പെട്ട കുഴൽപ്പണം തുക വളരെ വലുതാണെന്ന നിഗമനത്തിൽ തന്നെയാണ്. ആർഎസ്എസ്, ബിജെപി നേതാക്കളിലേക്ക് അന്വേഷണം നീളുന്നതിന്റെ സൂചനകളാണ് ഇപ്പോഴുള്ളത്.

ഒരാൾകൂടി പിടിയിൽ

തൃശൂർ: കൊടകര കുഴൽപ്പണം കവർച്ചക്കേസിൽ ഒരു പ്രതികൂടി പോലീസ് കസ്റ്റഡിയിൽ. വെളയനാട് സ്വദേശി ഷുക്കൂറാണ് പിടിയിലായത്. ഇയാളെ വിശദമായി ചോദ്യം ചെയ്തുവരികയാണ്.

കേസിൽ അഞ്ചു പ്രതികൾക്കായി പോലീസ് ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. കേസിലെ പ്രധാന പ്രതികളായ മുഹമ്മദ് അലി, രഞ്ജിത്ത്, സുജേഷ് എന്നിവരുൾപ്പെടെ അഞ്ചു പേർക്കായാണ് പോലീസ് ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ചത്.

കുഴൽപ്പണം തട്ടാൻ നിയോഗിക്കപ്പെട്ട ഗുണ്ടാസംഘത്തെ ഏകോപിപ്പിച്ചയാളാണ് ഒന്നാംപ്രതി മുഹമ്മദ് അലി. സഹായം നൽകിയവരാണ് രഞ്ജിത്തും സുജേഷും. എഡ്വിൻ പിടിച്ചുപറിസംഘത്തിലുണ്ടായിരുന്നയാളാണ്. കുഴൽപ്പണം കൊണ്ടുപോകുന്ന വാഹനത്തിൽ ഉണ്ടായിരുന്ന അബ്ദുൾ റഷീദിനായും പോലീസ് അന്വേഷണം തുടരുകയാണ്. ഇയാളാണ് പിടിച്ചുപറി സംഘത്തിനു വേണ്ട വിവരങ്ങൾ ചോർത്തിനൽകിയത്.

കുടുംബസ്വത്തിന്റെ പേരിൽ തർക്കം: മധ്യവയസ്കൻ കൊല്ലപ്പെട്ടു

കൊല്ലങ്കോട്: നെന്മേനിയിൽ മൂന്നംഗ സംഘത്തിന്റെ ആക്രമണത്തിൽ മധ്യവയസ്കൻ കൊല്ലപ്പെട്ടു. നെന്മേനി പണിക്കത്ത് വീട്ടിൽ രാമചന്ദ്രൻ മന്നാടിയാരുടെ മകൻ രാജേന്ദ്രനാണ് (53) മരിച്ചത്. രാജേന്ദ്രനും സഹോദരനുമായി സ്വത്തുതർക്കക്കേസ് നിലവിലുള്ളതായി കൊല്ലങ്കോട് പോലീസ് പറഞ്ഞു.

സംഭവവുമായി ബന്ധപ്പെട്ട് അയിലൂർ സ്വദേശി മണികണ്ഠനെ (53) പോലീസ് കസ്റ്റഡിയിലെടുത്തു. ബാബു, കുമാരൻ എന്നിവർ നിരീക്ഷണത്തിലാണെന്നു പോലീസ് പറഞ്ഞു.

രാജേന്ദ്രന്റെ കൃഷിയിടമായ നെന്മേനി മണികുണ്ഠത്തിലെ 'കഞ്ഞിക്കണ്ടം' നെൽവയലിൽ ഇന്നലെ ഉച്ചകഴിഞ്ഞു മൂന്നോടെയാണ് സംഭവം. മൂന്നംഗ സംഘം വടിവാൾ, വെട്ടുകത്തി എന്നിവ കൊണ്ട് നിരവധി തവണ വെട്ടുകയായിരുന്നു. രാജേന്ദ്രന്റെ ഇരുകൈകളും കാലുകളും വെട്ടേറ്റു വേർപെട്ട നിലയിലായിരുന്നു. ഗുരുതരാവസ്ഥയിലായ രാജേന്ദ്രനെ പ്രദേശവാസികൾ കൊല്ലങ്കോട് സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. മൃതദേഹം കൊല്ലങ്കോട് സ്വകാര്യ ആശുപത്രി മോർച്ചറിയിൽ.

ബംഗളൂരുവിൽ ഇന്റീരിയർ ഡെക്കറേഷൻ കരാർ കമ്പനി നടത്തുന്ന രാജേന്ദ്രൻ തെന്മലതാഴ്‌വരയിലെ സീതാർകുണ്ടിൽ ഫാം റിസോർട്ട് ഉടമയാണ്. കൊല്ലങ്കോട്ടെ ചാത്തിയോട്ടിൽ പശു, പന്നി ഫാമും നടത്തിവരികയാണ്. അക്രമം നടന്ന നെൽവയലിൽ വിളയിറക്കിയതുമായി ബന്ധപ്പെട്ടു തർക്കം നടന്നതിന്റെ തുടർച്ചയാണ് കൊലപാതകമെന്നു പോലീസ് പറഞ്ഞു.

ചിറ്റൂർ ഡിവൈഎസ്പി കെ.സി. സേതു, കൊല്ലങ്കോട് സിഐ കെ. സി. സുനിൽ കുമാർ എന്നിവർ സ്ഥലത്തെത്തി മൃതദേഹം പരിശോധിച്ചു.

മൃതദേഹം കൊല്ലങ്കോട്ടെ സ്വകാര്യ ആശുപത്രിയിൽ. ഭാര്യ: ഷൈലജ. മക്കൾ: ശ്രേയ, റിജുല. അമ്മ: സരോജിനി.

ട്രെയിൻ ഭാഗികമായി റദ്ദാക്കി

തിരുവനന്തപുരം: എറണാകുളം ജംഗ്ഷൻ- കണ്ണൂർ (06305) ഇന്റർ സിറ്റി എക്സ്പ്രസ് ട്രെയിൻ മേയ് നാലു മുതൽ ചില ദിവസങ്ങളിൽ ഷൊർണൂർ ജംഗ്ഷനിൽ യാത്ര അവസാനിപ്പിക്കും. നാല്, അഞ്ച്, ഏഴ്, 12, 13, 14, 18, 20 തീയതികളിൽ ഷൊർണൂരിനും കണ്ണൂരിനും ഇടയിൽ സർവീസ് നടത്തില്ലെന്നു റെയിൽവേ അറിയിച്ചു.

തിരികെയുള്ള കണ്ണൂർ- എറണാകുളം (06306) ട്രെയിൻ മേയ് 22 ന് കണ്ണൂരിനു പകരം ഷൊർണൂരിൽ നിന്നാകും യാത്ര പുറപ്പെടുക.

വോട്ടെണ്ണലിനു 114 കേന്ദ്രങ്ങൾ

633 വോട്ടെണ്ണൽ ഹാളുകൾ

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിന് കൂടുതൽ കേന്ദ്രങ്ങളും സൗകര്യങ്ങളുമൊരുക്കി തെരഞ്ഞെടുപ്പ് കമ്മീഷൻ. 114 കേന്ദ്രങ്ങളിലായി 633 വോട്ടെണ്ണൽ ഹാളുകൾ സജ്ജമാക്കിയിട്ടുണ്ടെന്നു മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ ടിക്കാറാം മീണ അറിയിച്ചു.

ആകെയുള്ള 633 ഹാളുകളിൽ 527 ഹാളുകൾ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളും 106 എണ്ണത്തിൽ തപാൽ ബാലറ്റുകളും എണ്ണും. വോട്ടെണ്ണൽ ഹാളുകളുടെ എണ്ണം കഴിഞ്ഞ തവണയുണ്ടായിരുന്ന 140 ൽനിന്നാണ് 633 ആയി ഉയർത്തിയത് .(78 ശതമാനം വർധന). ഒരു ഹാളിൽ മുൻ തെരഞ്ഞെടുപ്പുകളിൽ 14 ടേബിളുകൾ ഉണ്ടായിരുന്നത്, ഇത്തവണ കോവിഡ് സാഹചര്യത്തിൽ സാമൂഹ്യ അകലം ഉറപ്പാക്കാൻ ഏഴായി കുറച്ചിട്ടുണ്ട്.

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച നിരീക്ഷകരുടെ സാന്നിധ്യത്തിലാണ് വോട്ടെണ്ണൽ നടക്കുക. റിസർവ് ഉൾപ്പെടെ 24709 ജീവനക്കാരെയാണ് വോട്ടെണ്ണലിന് നിയോഗിച്ചിട്ടുള്ളത്. നിരീക്ഷകരുടെയും കൗണ്ടിംഗ് ഏജന്റുമാരുടെയും സാന്നിധ്യത്തിലാകും സ്ട്രോംഗ് റൂമുകൾ തുറക്കുക. തപാൽ ബാലറ്റുകൾ രാവിലെ എട്ടുമുതലും ഇവിഎമ്മുകൾ രാവിലെ 8.30 മുതലും എണ്ണിത്തുടങ്ങും.

584238 തപാൽ ബാലറ്റുകളാണ് തെരഞ്ഞെടുപ്പിനായി വിതരണം ചെയ്തിരുന്നത്. ഇതിൽ 296691 പേർ 80 വയസ് കഴിഞ്ഞവരും 51711 ഭിന്നശേഷിക്കാരും 601 കോവിഡ് രോഗികളും 32633 അവശ്യസർവീസ് വോട്ടർമാരും 202602 പേർ പോളിംഗ് ഉദ്യോഗസ്ഥരുമാണ്. ഏപ്രിൽ 28 വരെ തിരികെ ലഭിച്ച തപാൽ ബാലറ്റുകൾ 454237 ആണ്. ഇവിഎം, വിവിപാറ്റ് സൂക്ഷിക്കാൻ ഇത്തവണ പൊതുതെരഞ്ഞെടുപ്പിനായി 140 ഉം ഉപ തിരഞ്ഞെടുപ്പിനായി ഏഴ് സ്ട്രോംഗ് റൂമുകളുമാണുള്ളത്. കേന്ദ്ര സേനാംഗങ്ങളാണു സ്ട്രോംഗ് റൂമുകളുടെ സുരക്ഷ ഒരുക്കുന്നത്. ഇതിനൊപ്പം സ്റ്റേറ്റ് ആംഡ് പോലീസ് ബറ്റാലിയനും സംസ്ഥാന പോലീസ് സേനയുമാണ് സുരക്ഷ ഒരുക്കുന്നത്.

റിസർവ് ഉൾപ്പെടെ 50496 വീതം ബാലറ്റ് യൂണിറ്റുകളും കൺട്രോൾ യൂണിറ്റുകളും, 54349 വി.വി പാറ്റ് മെഷീനുകളുമാണ് ഇത്തവണ പൊതുതെരഞ്ഞെടുപ്പിന് ഉപയോഗിച്ചത്. മലപ്പുറം ലോക്സഭാ ഉപതിരഞ്ഞെടുപ്പിന് 2594 ബാലറ്റ് യൂണിറ്റുകളും, 2578 കൺട്രോൾ യൂണിറ്റുകളും 2851 വി.വി പാറ്റ് മെഷീനുകളാണ് റിസർവ് ഉൾപ്പെടെ ഉപയോഗിച്ചിരിക്കുന്നത്.

ഫലമറിയാൻ വിപുലമായ സൗകര്യങ്ങൾ

തിരുവനന്തപുരം: മാധ്യമങ്ങൾക്കും പൊതുജനങ്ങൾക്കും നിയമസഭാ തിരഞ്ഞെടുപ്പ് ഫലമറിയാൻ വിപുലമായ സൗകര്യങ്ങളുമായി തെരഞ്ഞെടുപ്പ് കമ്മീഷൻ. കമ്മീഷന്റെ വെബ്സൈറ്റായ https://results.eci.gov.in/ൽ വോട്ടെണ്ണൽ പുരോഗമിക്കുന്നതിനനുസരിച്ച് ഫലം ലഭ്യമാകുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ടിക്കാറാം മീണ അറിയിച്ചു.

കമ്മീഷന്റെ 'വോട്ടർ ഹെൽപ്ലൈൻ ആപ്പ്' ലൂടെയും ഫലം അറിയാം. ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.

ഇതിനുപുറമേ, മാധ്യമങ്ങൾക്ക് ജില്ലാ കേന്ദ്രങ്ങളിലും വോട്ടെണ്ണൽ കേന്ദ്രങ്ങളിലും സജ്ജീകരിച്ച മീഡിയ സെന്ററുകളിൽ 'ട്രെൻഡ് ടിവി' വഴിയും വോട്ടെണ്ണൽ പുരോഗതിയും ഫലവും അറിയാം. മാധ്യമങ്ങൾക്ക് സംസ്ഥാനതലത്തിൽ ഐപിആർഡി സജ്ജീകരിച്ച മീഡിയ സെന്റർ വഴിയും ഫലം അറിയാം.

വോട്ടെണ്ണൽ സമയത്ത് വോട്ടെണ്ണൽ പുരോഗതി സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് തടസമുണ്ടാകാതിരിക്കാൻ എല്ലാ വോട്ടെണ്ണൽ കേന്ദ്രങ്ങളിലും എട്ട് എംബിപിഎസ് ഡെഡിക്കേറ്റഡ് ലീസ്ഡ് ലൈൻ ഏർപ്പെടുത്തിയിട്ടുണ്ട്.

വിവിധ സേവനദാതാക്കളുടെ ബാക്കപ്പ് ലീസ്ഡ് ലൈനുകളും സജ്ജമാണ്. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ ആവശ്യമായ ജനറേറ്റർ, യുപിഎസ് സൗകര്യവും ഒരുക്കിയിട്ടുണ്ട്.

ഓക്സിജൻ ലഭ്യതയിൽ തടസം വരാതിരിക്കാൻ കൂടുതൽ നടപടികൾ

തിരുവനന്തപുരം: ഓക്സിജൻ ലഭ്യതയിൽ തടസം വരാതിരിക്കാൻ കൂടുതൽ നടപടികൾ. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഓക്സിജൻ വാർ റൂമുകൾ ആരംഭിക്കും. പോലീസ്, ആരോഗ്യം, ഗതാഗതം, വ്യവസായം, ഡിസാസ്റ്റർ മാനേജ്മെന്റ്, എന്നീ വകുപ്പുകളിൽ നിന്നും പെസോയിൽ നിന്നും ഉള്ള നോമിനികൾ ഉൾപ്പെട്ടതാകും വാർ റൂമുകൾ.

ഓക്സിജൻ കൊണ്ടുപോകുന്നതിൽ ഒരു പ്രശ്നമുണ്ടാവില്ല എന്ന് പോലീസ് ഉറപ്പു വരുത്തും. ഓക്സിജൻ സിലിണ്ടർ കൊണ്ടുപോകുന്ന വാഹനങ്ങളിൽ ഓക്സിജൻ എമർജൻസി വെഹിക്കിൾ എന്ന സ്റ്റിക്കർ പതിക്കണം.

വാഹനത്തിന്റെ മുൻവശത്തെയും പിൻവശത്തെയും ഗ്ലാസിൽ വ്യക്തമായി കാണാൻ സാധിക്കുന്ന തരത്തിലാണ് സ്റ്റിക്കർ പതിക്കേണ്ടത്. തിരക്കിൽ വാഹനങ്ങൾ പരിശോധന ഒഴിവാക്കി വേഗം കടത്തിവിടാൻ ഇത് പോലീസിനെ സഹായിക്കും. മരുന്നുകൾ, മെഡിക്കൽ ഉപകരണങ്ങൾ എന്നിവ കൊണ്ടുപോകുന്ന വാഹനങ്ങളിലും സമാന രീതിയിൽ സ്റ്റിക്കർ പതിക്കണം. ഇക്കാര്യത്തിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ പ്രത്യേകശ്രദ്ധ പതിപ്പിക്കും.

ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഓക്സിജൻ ഉത്പാദകരുടേയും പെസോയുടേയും യോഗം നടന്നു. തുടർന്ന് ഓക്സിജൻ ലഭ്യത മോണിറ്റർ ചെയ്യാൻ ഹോം സെക്രട്ടറിയുടെ കീഴിൽ ഒരു കമ്മിറ്റിയും രൂപീകരിച്ചു.

ഓക്സിജൻ മൊഡ്യൂൾ തയാറാക്കുകയും കോവിഡ് ജാഗ്രതാ പോർട്ടലിൽ ചേർക്കുകയും ചെയ്യും. കൂടുതൽ മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ ഇത് സഹായകമാകും. ഒരോ ജില്ലയിലും ലഭ്യമായ ഓക്സിജൻ സ്റ്റോക്കിന്റെ കണക്കുകൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ശേഖരിക്കുന്നുണ്ട്.

ട്രെയിനിൽ യുവതിയെ ആക്രമിച്ച സംഭവം: പ്രതിക്കായി തെരച്ചിൽ

★ **കൊച്ചി:** ആക്രമണത്തിനിടെ ഓടുന്ന ട്രെയിനിൽനിന്നു യുവതി വീണ സംഭവത്തിൽ പ്രതിക്കായി തെരച്ചിൽ ഊർജിതമാക്കി റെയിൽവേ പോലീസ്. പതിവായി ട്രെയിനിൽ കവർച്ച നടത്തുന്ന ആലപ്പുഴ നൂറനാട് സ്വദേശി ബാബുക്കുട്ടൻ എന്നയാൾക്കു വേണ്ടിയാണു തെരച്ചിൽ. ആക്രമണത്തിനിരയായ മുളന്തുരുത്തി കാരിക്കോട് സ്വദേശിനി ആശ മുരളീധരൻ അക്രമി ബാബുക്കുട്ടനാണെന്നു സ്ഥിരീകരിച്ചിട്ടുണ്ട്.

ബുധനാഴ്ച രാവിലെ ഗുരുവായൂർ-പുനലൂർ എക്സ്പ്രസിൽ ചെങ്ങന്നൂരിലേക്കു യാത്ര ചെയ്യവെ കാഞ്ഞിരമറ്റത്തിനു സമീപം ഒലിപ്പുറത്തു വച്ചാണ് ആശ ആക്രമിക്കപ്പെട്ടത്. സ്ക്രൂഡ്രൈവർ കാട്ടി ഭീഷണിപ്പെടുത്തി ആഭരണങ്ങൾ കവർന്നശേഷം പ്രതി ആക്രമിക്കാൻ ശ്രമിക്കുകയായിരുന്നു. രക്ഷപ്പെടാൻ വാതിലിൽ തൂങ്ങിക്കിടന്ന യുവതിയെ പ്രതി കൈ വിടുവിച്ചു പുറത്തേക്കു വീഴ്ത്തി.



ബാബുക്കുട്ടൻ

സംഭവത്തിനു പിന്നാലെ ഒളിവിൽ പോയ പ്രതിക്കായി സൗത്ത് റെയിൽവേ പോലീസിന്റെ മേൽനോട്ടത്തിൽ വിവിധ സംഘങ്ങളായി തിരിഞ്ഞാണു തെരച്ചിൽ. റെയിൽവേ പോലീസിന്റെ കേരളത്തിലെ 13 സ്റ്റേഷനുകളിൽനിന്നുള്ള ഉദ്യോഗസ്ഥർ അന്വേഷണ സംഘത്തിലുണ്ട്. വീടുമായി അടുപ്പമില്ലാത്തയാളാണു പ്രതിയെന്നതിനാൽ ഇയാളെ നേരത്തേ കണ്ടിട്ടുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് അന്വേഷണം. ട്രെയിനിൽ മോഷണം നടത്തിയതുമായി ബന്ധപ്പെട്ട് ഇയാൾക്കെതിരേ കേസുകൾ നിലവിലുണ്ട്. ഇയാളുടെ ഒരു കണ്ണ് പൂർണമായി തുറക്കാൻ കഴിയാത്തനിലയിലാണ്. പ്രതിയുടെ ചിത്രം സഹിതമുള്ള അറിയിപ്പ് സാമൂഹിക മാധ്യമങ്ങളിലൂടെ റെയിൽവേ പ്രചരിപ്പിക്കുന്നുണ്ട്. എന്തെങ്കിലും വിവരം ലഭിക്കുന്നവർ കോട്ടയം, എറണാകുളം എന്നിവിടങ്ങളിലെ റെയിൽവേ പോലീസിനെ അറിയിക്കണമെന്ന് അധികൃതർ അഭ്യർഥിച്ചു.

സംഭവം നടന്ന സ്ഥലത്ത് ഇന്നലെ പോലീസ് പരിശോധന നടത്തി തെളിവുകൾ ശേഖരിച്ചു. ആശയെ ആശുപത്രിയിലെത്തിക്കാൻ സഹായിച്ചവരുടെ മൊഴി രേഖപ്പെടുത്തി. യുവതിയുടെ നഷ്ടപ്പെട്ട മൊബൈൽ ഫോണും തിരിച്ചറിയൽ കാർഡും കണ്ടെടുത്തിട്ടുണ്ട്. മൊബൈൽ മുളന്തുരുത്തിക്കു സമീപത്തുനിന്നും തിരിച്ചറിയൽ കാർഡ് ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷന് സമീപത്തുനിന്നുമാണ് കിട്ടിയത്.

എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ആശയെ ആരോഗ്യനില മെച്ചപ്പെട്ടതിനെത്തുടർന്ന് ഇന്നലെ ഉച്ചയോടെ ന്യൂറോ ഐസിയുവിൽനിന്നു വാർഡിലേക്കു മാറ്റി. പോലീസ് ഇന്നലെ വീണ്ടും ആശുപത്രിയിലെത്തി ആശയിൽനിന്നു വിവരങ്ങൾ ശേഖരിച്ചു. ബാബുക്കുട്ടന്റെ ചിത്രം ഇന്നലെ കാണിച്ചപ്പോഴും ആശ തിരിച്ചറിഞ്ഞു.

വി.വി. പ്രകാശിന്റെ നിര്യാണത്തിൽ അനുശോചനം

തിരുവനന്തപുരം: മലപ്പുറം ഡിസിസി പ്രസിഡന്റും നിലമ്പൂരിലെ യുഡിഎഫ് സ്ഥാനാർഥിയുമായിരുന്ന വി.വി. പ്രകാശിന്റെ നിര്യാണത്തിൽ അനുശോചന പ്രവാഹം. മുഖ്യമന്ത്രി പിണറായി വിജയൻ, കോൺഗ്രസ് പ്രവർത്തകസമിതിയംഗം എ.കെ. ആന്റണി, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, മുല്ലപ്പള്ളി രാമചന്ദ്രൻ, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി , കെ.സി. വേണുഗോപാൽ എംപി, യുഡിഎഫ് കൺവീനർ എം.എം. ഹസൻ, തമ്പാനൂർ രവി, ജോസ് കെ. മാണി, പി.ജെ. ജോസഫ്, പി.സി. തോമസ് തുടങ്ങിയവർ അനുശോചിച്ചു.

മികച്ച വിജയം നേടും: പിണറായി

തിരുവനന്തപുരം: തെരഞ്ഞെടുപ്പിൽ കഴിഞ്ഞ തവണത്തേക്കാൾ മികച്ച വിജയം നേടുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. അതിനേക്കുറിച്ചു തനിക്കു സംശയമൊന്നുമില്ല. കഴിഞ്ഞ തവണ എവിടെയാണോ നിന്നത് അതിനേക്കാൾ മികച്ച നിലയിൽ ഇത്തവണ എത്തും. മനപ്പായസമുണ്ണുന്നവർ അതു ചെയ്തോട്ടെ എന്നു കരുതി താൻ ഒന്നും പറയുന്നില്ലെന്നേ ഉള്ളു. തനിക്കു ജനങ്ങളിൽ നല്ല വിശ്വാസമുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

പോലീസിന് ക്വാറന്റൈനില്ല

* രോഗിയുമായി സമ്പർക്കമുണ്ടെങ്കിലും മറന്നേക്കാൻ നിർദേശം
* രോഗവ്യാപനത്തിനു സാധ്യതയേറെ

സ്വന്തം ലേഖകൻ

കോഴിക്കോട്: സംസ്ഥാനത്ത് തീവ്രവ്യാപന ശേഷിയുള്ള വൈറസ് സാന്നിധ്യം സ്ഥിരീകരിച്ചിട്ടും പോലീസ് സേനയിൽ പരസ്യമായ കോവിഡ് മാനദണ്ഡ ലംഘനം. കോവിഡ് പോസിറ്റീവായ വ്യക്തിയുമായി നേരിട്ട് സമ്പർക്കമുണ്ടായാൽ പോലും ക്വാറന്റൈൻ അനുവദിക്കാതെയാണ് പോലീസുകാരെ മിക്ക ജില്ലകളിലും ഡ്യൂട്ടിക്കിടുന്നത്. ഇതോടെ കോവിഡ് വ്യാപനത്തിനുള്ള സാധ്യതയും കൂടി. പരസ്യമായ കോവിഡ് മാനദണ്ഡലംഘനത്തിൽ പോലീസിനുള്ളിലും അമർഷം ശക്തമാണ്.

കോവിഡ് നിയമലംഘനവുമായി ബന്ധപ്പെട്ടുള്ള പരിശോധനയ്ക്കു പുറമേ മറ്റു കേസുകളിൽ കൂടി പോലീസുകാർ അന്വേഷണം നടത്തുന്നുണ്ട്. ഇപ്രകാരം പല കേസുകളിലുമായി നിരവധി പ്രതികളെയും പോലീസ് പിടികൂടുന്നുണ്ട്. പിടികൂടിയ പ്രതിയെ കോടതിയിൽ ഹാജരാക്കുന്നതിനു തൊട്ടുമുമ്പായി കോവിഡ് പരിശോധന നടത്തും. കോവിഡ് പോസിറ്റീവായാൽ പ്രതിയെ പ്രത്യേക സെല്ലിലേക്കു മാറ്റും. പിടികൂടിയ പോലീസുകാർക്കു നേരിട്ടുള്ള സമ്പർക്കമുണ്ടെങ്കിൽ കോവിഡ് മാനദണ്ഡ പ്രകാരം അവർ ക്വാറന്റൈനിൽ പോകണം. നിശ്ചിത ദിവസങ്ങൾക്കു ശേഷം പരിശോധന നടത്തി നെഗറ്റീവായാൽ വീണ്ടും ഡ്യൂട്ടിയിൽ ഹാജരാകണമെന്നാണ് ചട്ടം.

എന്നാൽ കോവിഡ് വ്യാപനം അതിരൂക്ഷമായതോടെ പോലീസ് സേനാംഗങ്ങൾക്കിടയിലും പടരാൻ തുടങ്ങി. പല സ്റ്റേഷനുകളിലും സേനാംഗങ്ങളുടെ കുറവ് പ്രതികൂലമായി ബാധിക്കാനും തുടങ്ങി.

ഈ സാഹചര്യത്തിലാണ് ക്വാറന്റൈൻ സംവിധാനം പോലീസിൽനിന്ന് അനൗദ്യോഗികമായി നീക്കിയത്. പിടികൂടിയ ആൾക്ക് കോവിഡ് പോസിറ്റീവാണെങ്കിൽ പോലും അക്കാര്യം മറന്ന് ഡ്യൂട്ടിയിൽ എത്താനാണ് മേലുദ്യോഗസ്ഥർ പറയുന്നത്. കഴിഞ്ഞ ദിവസം കോഴിക്കോട് സിറ്റിയിലെ പോലീസുകാർ പിടികൂടിയ പ്രതിക്ക് കോവിഡാണെന്ന് പിന്നീടു നടത്തിയ പരിശോധനയിൽ കണ്ടെത്തി. കോവിഡ് പോസിറ്റീവായ പ്രതിയുമായി ഇവർക്കെല്ലാം അടുത്ത സമ്പർക്കമാണുണ്ടായത്. എന്നാൽ ഇക്കാര്യം സ്റ്റേഷനിൽ അറിയിച്ചെങ്കിലും ക്വാറന്റൈൻ വേണ്ടെന്നും ഡ്യൂട്ടിയിൽ തുടരാനുമാണ് ലഭിച്ച നിർദേശം.

സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തം അനിവാര്യം: ആരോഗ്യമന്ത്രി

കൊച്ചി: കോവിഡിനെതിരെയുള്ള പോരാട്ടത്തിൽ സർക്കാർ, സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തം വളരെ പ്രധാനമാണെന്ന് ആരോഗ്യമന്ത്രി കെ.കെ. ശൈലജ. ഒന്നിച്ചുള്ള പ്രവർത്തനങ്ങളിലൂടെ മാത്രമേ ഈ മഹാമാരിയെ നിയന്ത്രിക്കാനാകൂവെന്നും മന്ത്രി പറഞ്ഞു. രാജഗിരി ആശുപത്രിയും നോർത്ത് അമേരിക്കയിലെ മലയാളി സംഘടനകളുടെ കൂട്ടായ്മയായ ഫൊക്കാനയും ചേർന്ന് ആരംഭിച്ച രാജഗിരി ഫൊക്കാന ആരോഗ്യ കാർഡിന്റെയും സ്റ്റുഡന്റ് എൻറിച്ച്മെന്റ് പദ്ധതിയുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അവർ.

ലോകമെമ്പാടുമുള്ള മലയാളികൾക്ക് അഭിമാനിക്കാവുന്ന ആരോഗ്യ സംവിധാനമാണ് ഇന്നു കേരളത്തിലുള്ളത്. ജനസാന്ദ്രത ഏറെയുള്ള സംസ്ഥാനമെന്നതിനാൽ കോവിഡ് പോലുള്ള മഹാമാരികൾ ഏറെ വേഗം പടരാനുള്ള സാധ്യതയും വളരെ കൂടുതലാണ്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ സർക്കാർ-സ്വകാര്യ ആശുപത്രികളുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണ് ഈ മഹാമാരിയെ ഒരു പരിധിവരെ പിടിച്ചു കെട്ടാനായതും മരണനിരക്ക് 0.5 ശതമാനത്തിൽ താഴെയായി നിർത്താൻ സാധിച്ചതെന്നും ഓൺലൈൻ ഉദ്ഘാടന ചടങ്ങിൽ മന്ത്രി പറഞ്ഞു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമാകാൻ തങ്ങൾക്കു സാധിച്ചതിൽ അഭിമാനമുണ്ടെന്നു രാജഗിരി ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോൺസൺ വാഴപ്പിള്ളി അറിയിച്ചു.

ഫൊക്കാന പ്രസിഡന്റ് ജോർജി വർഗീസ് അധ്യക്ഷത വഹിച്ചു. ഫൊക്കാന ജനറൽ സെക്രട്ടറി സജിമോൻ ആന്റണി, റോക്ക്‌ലാൻഡ് കൗണ്ടി മെജോറിറ്റി ലീഡറും ലെജിസ്ലേച്ചറുമായ ഡോ. ആനി പോൾ, രാജഗിരി ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ. സണ്ണി. പി. ഓരത്തേൽ, ഡോ. മാത്യു ജോൺ, ഫൊക്കാന ട്രസ്റ്റി ബോർഡ് ചെയർമാൻ ഫിലിപ്പോസ് ഫിലിപ്പ്, ഇന്റർനാഷണൽ കോ-ഓർഡിനേറ്റർ പോൾ കറുകപ്പള്ളി തുടങ്ങിയവർ പ്രസംഗിച്ചു.

ഫൊക്കാനയിലെ എല്ലാ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും പ്രയോജനകരമാകുന്നതാണ് സമഗ്ര ആരോഗ്യ സുരക്ഷാ കാർഡ്. സ്റ്റുഡന്റ് എൻറിച്ച്മെന്റ് പദ്ധതി അമേരിക്കയിൽ പഠനം നടത്തുന്ന വിദ്യാർഥികൾക്കായി ഏർപ്പെടുത്തിയതാണ്.

TENDER CARE Advertorial

TMBL- Financial Results of the Bank for the year 2020-21

The Board of Directors of the Bank adopted the audited results of the Bank for the financial year ended 31.03.2021 in their meeting held at Thoothukudi on 27.04.2021. In the presence of Board of Directors of the Bank, K.V. Rama Moorthy, MD&CEO of the bank has declared the financial results of the Bank for the year 2020-21. General Managers of the Bank were also present at the event. The Bank has been giving continued thrust on advances to Priority Sectors like Agriculture, MSME, Education, Housing etc and the same is constituting 79.06% of its Adjusted Net Bank Credit (ANBC) well above the regulatory requirement of 40%. The Advances to Priority sector has increased to Rs.22,540.97Crores (PY Rs.18,711.73 Crores) with a growth rate of 20.46%. The Bank's Advances to Agriculture sector stood at Rs.8,645.66 Crores. The Advances to Agriculture Sector constitute 30.33% of total advances, above the regulatory requirement of 18%. Credit to MSME sector has increased to Rs.12,036.34 Crores (PY Rs.10,169.86 Crores) with a growth rate of 18.35%. Y-O-Y Performance: The Bank's deposits increased to Rs.40,970.42 crores (PY Rs.36,825.03 crores) with a growth rate of 11.27% whereas the average growth was 9.39%. The Bank's CASA position has increased to Rs.11,685.27 crores with a growth rate of 22.77% and the average growth was 18.37%. The advance level of the Bank has increased to Rs.31,541.81 crores with a growth rate of 11.71% and the average growth was 9.98%. Agriculture advances increased to Rs.8,645.66 crores (PY Rs.6,993.90 crores) with a growth rate of 23.62%. MSME advances increased to Rs.12,036.34 crores (PY Rs.10,169.86 crores) with a growth rate of 18.35%. The Operating Profit is at Rs.1202.04 Crores (PY Rs.995.05 Crores) with a growth rate of 20.80%. The Net Profit is increased from Rs.407.69 crores to Rs.603.33 crores with a growth rate of 47.99%. The Net Interest Income (NII) has increased to Rs.1,537.53Crores (PY Rs.1,319.51 Crores) with a growth rate of 16.52%. The Bank's Net worth increased to Rs.4580 crores (PY Rs.3,980 crores) with absolute rise of Rs.600 crores registering a growth rate of 15.08%. Interest Income stood at Rs.3,609.05 Crores with an increase from previous year figure of Rs.3,466.11 Crores (Increase by Rs.142.94 Crores @ 4.12%). Board has announced Interim Dividend of 50% i.e. Rs.5 per share has been actively participated by Staff.

SCCL Severe action against Corruption

Singareni Chairman and Managing Director N. Sridhar who has always been concentrating on coal production and staff welfare and has taken the company as the No. of company in India has now, turned his focus on fraudsters who are doing nefarious activities using the name of Singareni. He has decided that severe action will be taken on fraudsters who are cheating the unemployed and the employees of Singareni. He has decided to strengthen the vigilance department so that the benefits given by Singareni for the unemployed youth in Telangana are not miss utilised. He passed instructions that strict action be taken against those involved in corruption using the name of Singareni. It has been principally decided to set up a vigilance department at Godavari khani in close proximity to ramagundam and bellampally regions where more than 50% of employees of Singareni are working. Already a few employees have been fired who have been implicated for defrauding the workers.

Indian Bank signs MOU with BSNL & MTNL

Indian Bank renewed its relationship with BSNL and MTNL by signing a Memorandum of Understanding (MOU) with BSNL on 26.04.2021 for another term of 5 years from April, 2021 to March, 2026. BSNL had been the primary leased line service provider for Indian Bank since 2006 onwards for its various branches, offices and ATMs. Indian Bank would continue to avail leased line services from BSNL & MTNL for its Wide Area Network (WAN) for a further period of 5 years w.e.f 01.04.2021 to 31.03.2026. Deepak Sarda, GM, Information Technology Division, Corporate Office and Ilanthirai V S, GM (EB) BSNL signed and exchanged the documents at Indian Bank, Corporate Office in the presence of K Ramachandran, ED, Indian Bank and Dr. V K Sanjeevi, Chief General Manager, BSNL. K Ramachandran mentioned that BSNL had provided contemporary leased line circuits/VSATs at majority of its branches /offices for seamless connectivity for data /voice and video conference and requested BSNL to ensure 100% uptime to ensure disruption free banking services. V K Sanjeevi stated that it is the endeavour of BSNL to provide state of the art technology at affordable prices even at remote locations to ensure seamless connectivity across India, more so, after amalgamation of Allahabad Bank. Officials of both Indian Bank and BSNL were present during the occasion.

CPCL - Performance in 2020-21

Chennai Petroleum Corporation Limited (CPCL) during the Financial year 2020-21 posted a turnaround performance. The Profit Before Tax is Rs.1277 Crore. The improved Profit before tax for the current year at Rs.1277 Cr was posted amidst challenging times with lower product margins and lower demand due to COVID induced lockdown. However, better operational performance together with Inventory gains on account of increase in crude & product prices has helped to overcome the above challenges. The average gross refining margin for the period Apr-Mar 2021 is $ 7.14 per barrel as against negative GRM of $ 1.18 per bbl during 2019-20. During the year 2020-21, CPCL has achieved: Supply of essential items such as LPG, MS & HSD was ensured to the market during complete lock down period on account of COVID-19 pandemic by sustaining refinery operations in this challenging period. MS production of 1037 TMT was achieved despite lower refining throughput. Thrust on value added products resulting in highest ever Hexane production of 22 TMT (Previous best: 20 TMT in 2019-20) and Highest ever LOBS monthly production of 24 TMT in Jan'21. (Previous best: 21 TMT in Dec' 2010). The FCC GDS Unit was successfully commissioned on 13th Jan 2021 as part of BS VI project This Unit is designed to desulfurize 0.6 MMTPA of Cracked Gasoline from FCC Unit to meet the BS-VI fuel specification, while minimizing octane losses. The product targets sulphur content below 8 ppmw. The unit was dedicated to the Nation by Prime Minister of India on 17th Feb'21. CPCL proposes to set up a new state of art grass root refinery of 9 MMTPA capacity at Nagapattinam. This new refinery will produce Petrol and Diesel of Bharat Stage-VI specifications and Polypropylene as a value added product, at a Project cost of Rs.31,580 Cr. Further investment of about Rs.4000 Cr will flow into the project from other stake holders on Build Own and Operate (BOO) basis. The project will be implemented in Joint Venture with IOCL. Foundation stone was laid by Prime Minister on 17-02-2021. CPCL has won the Achiever's award in "Biggest Public Sector Investment" category by Business Today and Govt. of Tamilnadu. The award for the period of three years, commencing from 2017-18 was presented by the Chief Minister of Tamilnadu on 16th Feb, 2021 at Chennai. CPCL received AEO Tier - II certificate from Customs Department enabling easier documentation, priority clearance and more flexibility for imports.